<u>15 -ാം കേരള നിയമസഭ</u>

<u>7 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 996</u> <u>07-12-2022 - ൽ മറുപടിയ്ക്ക്</u>

<u>ക്ഷേത്രക്കുളം നവീകരണ പദ്ധതി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരമേറ്റശേഷം ക്ഷേത്രക്കുളം നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര ക്ഷേത്രക്കുളങ്ങൾ നവീകരിക്കുന്നതിനായി ഫണ്ട് അനുവദിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ; | (എ) | വിവിധ ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളോട് അനുബന്ധിച്ചുള്ള കാവ്, കുളം,ആൽത്തറ എന്നിവയുടെ പുനരുദ്ധാരണത്തിന് വേണ്ടി ദേവസ്വം വകുപ്പ് ബജറ്റിൽ വർഷാവർഷം ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൻ പ്രകാരം മലബാർ ദേവസ്വം ബോർഡ് ലഭ്യമാക്കിയ ശിപാർശ പ്രകാരം 17/04/2021ലെ സ.ഉ(സാധാ) 1506/2021/റവ നമ്പർ ഉത്തരവ് പ്രകാരം നൽകിയിട്ടുള്ള 9.67 കോടി രൂപയുടെ ഭരണാനുമതിയിൽ ഉൾപ്പെട്ടിട്ടുള്ള ക്ഷേത്രങ്ങൾക്കാണ് നിലവിൽ ഫണ്ട് അനുവദിച്ചു വരുന്നത്. ആയതിൻ പ്രകാരം നിലവിലെ സർക്കാർ അധികാരമേറ്റശേഷം മലബാർ ദേവസ്വത്തിനു കീഴിലുള്ള വിവിധ ക്ഷേത്രങ്ങൾക്കായി 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.<br><br>കോവിഡാനന്തരം സർക്കാരിന്റെ മോശം സാമ്പത്തിക സ്ഥിതിയിൽ നിലവിലെ ഒരു കോടി രൂപയുടെ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തി ഭരണാനുമതി നൽകിക്കഴിഞ്ഞവയ്ക്ക് ആദ്യ പരിഗണന നൽകി ഫണ്ട് അനുവദിച്ചു വരുന്ന സാഹചര്യത്തിൽ ബജറ്റ് വിഹിതത്തിന് ഉപരിയായി പുതിയ നിർദ്ദേശങ്ങൾ ഉടനടി പരിഗണിക്കുവാൻ കഴിയുന്നതല്ല. |
| (ബി) | അമ്പലപ്പുഴ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രക്കുള നവീകരണത്തിനായി ഫണ്ടനുവദിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ? | (ബി) | വിവിധ ബോർഡുകൾക്ക് കീഴിലുള്ള ക്ഷേത്രങ്ങളോട് അനുബന്ധിച്ചുള്ള കാവ്, കുളം,ആൽത്തറ എന്നിവയുടെ പുനരുദ്ധാരണത്തിന് വേണ്ടി ദേവസ്വം വകുപ്പ് ബജറ്റിൽ വർഷാവർഷം ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൻ പ്രകാരം മലബാർ ദേവസ്വം ബോർഡ് ലഭ്യമാക്കിയ ശിപാർശ പ്രകാരം 17/04/2021ലെ സ.ഉ(സാധാ) 1506/2021/റവ നമ്പർ ഉത്തരവ് പ്രകാരം നൽകിയിട്ടുള്ള 9.67 കോടി |

| | | | |
|---|---|---|---|
| | | | രൂപയുടെ ഭരണാനുമതിയിൽ ഉൾപ്പെട്ടിട്ടുള്ള ക്ഷേത്രങ്ങൾക്കാണ് നിലവിൽ ഫണ്ട് അനുവദിച്ചു വരുന്നത്. ആയതിൻ പ്രകാരം നിലവിലെ സർക്കാർ അധികാരമേറ്റശേഷം മലബാർ ദേവസ്വത്തിനു കീഴിലുള്ള വിവിധ ക്ഷേത്രങ്ങൾക്കായി 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.<br><br>കോവിഡാനന്തരം സർക്കാരിന്റെ മോശം സാമ്പത്തിക സ്ഥിതിയിൽ നിലവിലെ ഒരു കോടി രൂപയുടെ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തി ഭരണാനുമതി നൽകിക്കഴിഞ്ഞവയ്ക്ക് ആദ്യ പരിഗണന നൽകി ഫണ്ട് അനുവദിച്ചു വരുന്ന സാഹചര്യത്തിൽ ബജറ്റ് വിഹിതത്തിന് ഉപരിയായി പുതിയ നിർദ്ദേശങ്ങൾ ഉടനടി പരിഗണിക്കുവാൻ കഴിയുന്നതല്ല. |

സെക്ഷൻ ഓഫീസർ

996 (എ)      അനുബന്ധം

| ക്രമ നം | ക്ഷേത്രത്തിന്റെ പേര് | അനുവദിച്ച തുക |
|---|---|---|
| 1 | ശ്രീ.മലപ്പട്ടം ക്ഷേത്രം, മലപ്പട്ടം തളിപ്പറമ്പ് താലൂക്ക് | 1,50,000/- |
| 2 | തൃക്കരിപ്പൂർ ശ്രീ. വിഷ്ണുമൂർത്തി ക്ഷേത്രം, ഹോസ്ദുർഗ്ഗ് | 2,00,000/- |
| 3 | വെള്ളൂർ ശ്രീ. ചാമക്കാവ് ഭഗവതി ക്ഷേത്രം, പയ്യന്നൂർ | 1,50,000/- |
| 4 | ശ്രീ.എടക്കാട് മഹാവിഷ്ണു ക്ഷേത്രം, കണ്ണൂർ | 2,00,000/- |
| 5 | തെരൂർ ശ്രീ ശിവ ക്ഷേത്രം, കീഴല്ലൂർ, തലശ്ശേരി | ,2,00,000/- |
| 6 | കുന്നുമ്മൽ ഭഗവതി ക്ഷേത്രം, കുന്നുമ്മൽ, വടകര | 1,00,000/- |
| 7 | ശ്രീരാമസ്വാമി ക്ഷേത്രം, കാക്കൂർ | 2,00,000/- |
| 8 | ശ്രീ. വള്ളിക്കാട്ട്കാവ് ദേവസ്വം, എടക്കര | 2,00,000/- |
| 9 | ശ്രീ.കരിക്കാട് ദേവസ്വം, തൃക്കലങ്ങോട് | 1,00,000/- |
| 10 | ശുകപുരം ദക്ഷിണാമൂർത്തി ദേവസ്വം | 2,50,000/-, |
| 11 | വെള്ളാട്ട് പൂത്തൂർ ദേവസ്വം | 2,50,000/- |
| 12 | ശ്രീ.കിഴക്കെകുറുവട്ടൂർ നരസിംഹമൂർത്തി ക്ഷേത്രം, ഒറ്റപ്പാലം | 2,00,000/-, |
| 13 | സമുദായി, ശ്രീ. ഞരളത്ത് ദേവസ്വം, മണ്ണാർക്കാട് | 2,00,000/- |
| 14 | ശ്രീ.നെയ്ത്താരംപുള്ളി ദേവസ്വം, പാലക്കാട് | 1,00,000/- |